# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/269/2017 2017 ഡിസംബർ 22

## പത്രക്കുറിപ്പ്

**അപേക്ഷാ തീയതി നീട്ടി**

ഒന്നാം സെമസ്റ്റർ യു.ജി. (സി.ബി.സി.എസ്.എസ്. റഗുലർ 2017 അഡ്മിഷൻ/2013 മുതൽ 2016 വരെ അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ അപേക്ഷകൾ പിഴയില്ലാതെ ജനുവരി 6 വരെയും 50 രൂപ പിഴയോടെ 9 വരെയും 500 രൂപ സൂപ്പർഫൈനോടെ 11 വരെയും സ്വീകരിക്കും. 2013-2014 അഡ്മിഷൻ സപ്ലിമെന്ററി അപേക്ഷകൾ സർവ്വകലാശാലാ ഓഫീസിൽ നേരിട്ടും 2015, 2016, 2017 അഡ്മിഷൻകാരുടെ അപേക്ഷകൾ കോളേജ് പോർട്ടലിലൂടെ ഓൺലൈനായും സമർപ്പിക്കേണ്ടതാണ്.

**പരീക്ഷാഫലം**

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 6 വരെ അപേക്ഷിക്കാം.

2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ എം.എ. ചരിത്രം റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിലെ സുജ വർഗീസ്, ആലുവ യു.സി. കോളേജിലെ രാധികാ ലാൽ, നെടുങ്കണ്ടം എം.ഇ.എസ്. കോളേജിലെ അഞ്ജു വിജയൻ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 6 വരെ അപേക്ഷിക്കാം.

**ജൈവം പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തുടക്കം**

മഹാത്മാഗാന്ധി സർവ്വകലാശാല വിഭാവനം ചെയ്ത ജൈവസാക്ഷരതായജ്ഞത്തിന്റെ (ജൈവം) രണ്ടാംഘട്ടത്തിന് തുടക്കമായി. അന്തർസർവ്വകലാശാലാ സുസ്ഥിര ജൈവ കാർഷിക പഠനകേന്ദ്രം, നാഷണൽ സർവ്വീസ് സ്കീമിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. കോട്ടയം ജില്ലയിലെ ഒന്നാംഘട്ട പ്രവർത്തനങ്ങളിൽ ഉൾപ്പെടാത്ത ഭവനങ്ങളിലെ സർവ്വേയും ജൈവസന്ദേശപ്രചാരണവും ജനുവരി 15നകം പൂർത്തിയാക്കും. ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി, ചിങ്ങോലി, തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര, വയനാട് ജില്ലയിലെ മാനന്തവാടി, കണ്ണൂർ ജില്ലയിലെ പിണറായി, പത്തനംതിട്ട ജില്ലയിലെ റാന്നി, ഇടുക്കി ജില്ലയിലെ മൂന്നാർ എന്നീ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലാണ് ജൈവം പദ്ധതി വ്യാപിപ്പിക്കുന്നത്. ഡിസംബർ 22നും 31നുമിടയിൽ നടക്കുന്ന നാഷണൽ സർവ്വീസ് സ്കീം ക്യാമ്പുകളുടെ ഭാഗമായുള്ള ഭവനസന്ദർശനങ്ങളിലൂടെയാണ് ജൈവസാക്ഷരതാ സന്ദേശം എത്തിക്കുക. കോട്ടയം ജില്ലയിലെ അതിരമ്പുഴ പഞ്ചായത്തിൽ എം.ജി. സർവ്വകലാശാല കാമ്പസ് എൻ.എസ്.എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ജൈവസാക്ഷരതാ ക്യാമ്പ് സിൻഡിക്കേറ്റംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് ഉദ്ഘാടനം ചെയ്തു. ജൈവം കോ-ഓർഡിനേറ്റർ ജി. ശ്രീകുമാർ കാമ്പസ് എൻ.എസ്.എസ്. യൂണിറ്റ് പ്രോഗ്രാം ഓഫീസർ റിൻസിമോൾ ജേക്കബ്, ജോർജ് മുല്ലക്കര എന്നിവർ ചടങ്ങിൽ സംസാരിച്ചു.

**അന്തർദ്ദേശീയ ബയോമെറ്റീരിയൽ ശില്പശാല ജനുവരി 7 മുതൽ**

മഹാത്മാഗാന്ധി സർവ്വകലാശാലയും സ്വീഡനിലെ സ്റ്റോക്ഹോം യൂണിവേഴ്സിറ്റിയും സംയുക്തമായി സംഘടിപ്പിക്കുന്ന 'ബയോമെറ്റീരിയൽസ് ഫോർ ടുമോറോ (B4T)' എന്ന അന്തർദ്ദേശീയ ശില്പശാല ജനുവരി 7 മുതൽ 9 വരെ കൊച്ചി മാരിയറ്റ് ഹോട്ടലിൽ വച്ച് നടത്തും. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്ന ചടങ്ങിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രൊഫ. അജി മാത്യു എന്നിവർ സംസാരിക്കും. ബയോ ഉൽപ്പന്നങ്ങളുടെ ഭാവി സാദ്ധ്യതകളെ ശാസ്ത്രലോകത്തിന് പരിചയപ്പെടുത്തുക എന്നതാണ് ശില്പശാലയുടെ ലക്ഷ്യം. ഗവേഷകർക്കും ബയോമെറ്റീരിയൽ വ്യവസായ രംഗത്തുള്ളവർക്കും ഈ മേഖലയി

ലെ നൂതന സാദ്ധ്യതകളെ ശാസ്ത്രീയമായി അപഗ്രഥിക്കാനുള്ള അവസരമൊരുക്കും. പ്രൊഫ. ക്രിസ്റ്റീന ഓക്സ്മാൻ, അലൈൻ ഡ്യു ഫെറൻസി, പ്രൊഫ. ഇഷാഖ് അഹമ്മദ്, ജോസഫ് സാമെക്, ശ്രീരാജ് ഗോപി, അലക്സാണ്ടർ ബിസ്മാർക്ക്, പ്രൊഫ. ഹേലി കാംഗാസ് എന്നിവരാണ് മുഖ്യപ്രഭാഷണം നടത്തുന്നത്. നൂറിലധികം പ്രശസ്ത ബയോമെറ്റീരിയൽ ശാസ്ത്രജ്ഞർ പങ്കെടുക്കുന്ന ശില്പശാലയിൽ പ്ലീനറി പ്രഭാഷണങ്ങൾ, ബ്രെയിൻ സ്റ്റോമിങ്ങ് സെഷനുകൾ, പോസ്റ്റർ പ്രദർശനങ്ങൾ എന്നിവയും ഉണ്ടായിരിക്കും. മികച്ച പോസ്റ്ററിന് കയർബോർഡ് സ്പോൺസർ ചെയ്യുന്ന ഉപഹാരം സമ്മാനിക്കും. വിവരങ്ങൾക്ക് ഫോൺ: 7025921175.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**